**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2725** **14-09-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് നിയമബോധവും ഭരണഘടനാ സാക്ഷരതയും ഉറപ്പുവരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിലെയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികൾക്ക് നിയമബോധവും ഭരണഘടനാ സാക്ഷരതയും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തു നിയമ അവബോധവും ഭരണഘടനമൂല്യങ്ങളും വിദ്യാർത്ഥികൾക്ക് പകർന്നു നൽകുന്നതിന് കേരള സംസ്ഥാന നിയമ സേവന അതോറിറ്റി (കെൽസ) വിവിധ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്.<br><br>ഭരണഘടനയുടെ പ്രസക്ത ഭാഗങ്ങളും ഒരു പൗരൻ അറിഞ്ഞിരിക്കേണ്ട എല്ലാ പ്രധാനപ്പെട്ട നിയമങ്ങളും സ്കൂൾ നിയമപാഠത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഓരോ ജില്ലയിലും തെരഞ്ഞെടുത്ത അഞ്ചു സ്കൂളുകളിൽ Legal Literacy Club കൾ സ്ഥാപിക്കുകയും അതുവഴി വിദ്യാർത്ഥികളിൽ നിയമ അവബോധം സൃഷ്ടിക്കുന്നതിനായി പരിപാടികൾ നടപ്പിലാക്കിവരുന്നു.നിയമ ഗോത്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിയമ വിദ്യാഭ്യാസത്തിന് (LLB) പ്രവേശനം ലഭിക്കുന്നതിനായി എൻട്രൻസ് കോച്ചിങ് ക്ലാസുകൾ നടത്തിവരുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 15-ൽ അധികം വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം ലോ കോളേജിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിനാവശ്യമായ പഠന സാമഗ്രികൾ ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | വിദ്യാർത്ഥികളിൽ നിയമാവബോധം വർദ്ധിപ്പിക്കുന്നതിനായി വിവിധ പുസ്തകങ്ങൾ കെൽസ പ്രസിദ്ധീകരിക്കുന്നുണ്ട്.<br><br>a) നിയമപാഠം- സ്കൂൾ കുട്ടികൾക്ക്<br><br>b) നിയമപാഠം- കോളേജ് വിദ്യാർത്ഥികൾക്ക്<br><br>c) Lessons in Law for CBSE Students<br><br>വിദ്യാർത്ഥികളിൽ നിയമാവബോധം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇംഗ്ലീഷ് ഭാഷയിൽ |

| | | | |
|---|---|---|---|
| | | | Lessons in Law എന്നും മലയാളഭാഷയിൽ നിയമപാഠം എന്നും പേരുള്ള പുസ്തകങ്ങൾ നിയമ സേവനസമിതി മുഖേന പ്രസിദ്ധീകരിച്ചു വിതരണം ചെയ്തു വരുന്നു. 2020 മുതൽ തമിഴിലും പ്രസിദ്ധീകരിച്ചു വിതരണം ചെയ്തു വരുന്നു. ഈ പുസ്തകങ്ങളെ അടിസ്ഥാനമാക്കി സ്കൂൾ തലത്തിലും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കെൽസയയുടെ ആഭിമുഖ്യത്തിൽ കെൽസ എവർറോളിങ്ട്രോഫിക്ക് വേണ്ടി വർഷം തോറും ക്വിസ് മത്സരം നടത്തി വരുന്നു.<br><br>കൗൺസിലിംഗ് ഉൾപ്പെടെ വിവിധ പരിപാടികൾ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ വഴി നടത്തി വരുന്നു.<br><br>പുതിയ തലമുറയെ നിയമസാക്ഷരരാക്കാനും ബോധവൽക്കരിക്കാനും കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡന നിയമം, anti ragging laws തുടങ്ങിയവയെ കുറിച്ച് കേരള സംസ്ഥാന നിയമസേവന അതോറിറ്റി (കെൽസ) ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നുണ്ട്.<br><br>ഭരണഘടനാ സാക്ഷരത ജനകീയമാക്കുന്നതിലേക്കായി ഭരണഘടന തത്ത്വങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള നിയമ സാക്ഷരത പരിപാടികൾ സംസ്ഥാനത്തുടനീളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു. ആയതിനായി എന്റെ രാജ്യം എന്റെ സ്വർഗ്ഗം (My Nation My Heaven) എന്ന പുസ്തകം അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ